# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.10-1454/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 05/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.10-1454/2022 തീയ്യതി: 05/07/2022

## പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-06-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൺ. ഇ | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 09-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 09-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റോബർട്ട് കെ.ജി, ഓഡിറ്റ് ഓഫീസർ
രമാദേവി കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
രാജൻ കെ, ഓഡിറ്റർ ട്രെയിനി.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.കവിതാ മാധവൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.എൻ.എം.ഹസ്സൻ മുഹമ്മദ് | സെക്രട്ടറി | 01-04-2019 | 31-07-2019 |
| ഷാജി ഡാനിയേൽ | സെക്രട്ടറി | 01-08-2019 | 25-08-2019 |
| ശ്രീ.രാജീവ് വി.വി | സെക്രട്ടറി | 26-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിനേഷ്.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.നീരജ ഉണ്ണി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അമർലിറ്റി ഐസക്ക് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീ.ജയപ്രകാശ്.സി.സി | ഡി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. നജീമ. എം | എച്ച് എം | 01-04-2019 | 31-03-2020 |
| ശ്രീമതി. ശാന്ത സി.ജി | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2019 | 25-04-2019 |
| ശ്രീമതി.ചെല്ല | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 25-04-2019 | 31-03-2020 |
| ഡോ.ജിമിൽഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ.മഹേഷ്.എ.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 02-09-2019 |
| ഡോ.മുഹാസ് കെ.കരിം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 03-09-2019 | 31-03-2020 |
| ഡോ. ലക്ഷ്മി. ജി. കർത്താ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ. ദിലീപ്.കെ | വി.ഇ.ഒ 1 | 01-04-2019 | 31-03-2020 |
| ശ്രീമതി. അഞ്ചു.എ | വി.ഇ.ഒ 2 | 01-04-2019 | 26-04-2019 |
| ശ്രീ.പ്രദീപ് കെ | വി.ഇ.ഒ 2 | 27-06-2019 | 31-03-2020 |
| ശ്രീ.ഷാജി ഡാനിയേൽ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 02-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramadevi.K.R (Senior Grade Auditor, On 02-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 02-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: K. Rajan (Auditor Trainee, On 14-06-2022)<br>Last Updated By: K. Rajan (Auditor Trainee, On 14-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramadevi.K.R (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 02-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 02-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-10 |
| 12 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 14-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-11 |
| 13 | അംഗൻവാടി അനുപൂരക പോഷകാഹാരം-ജി.എസ്.ടി.-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 14-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-12 |
| 14 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 19-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-13 |
| 15 | കക്കൂസ് നിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 19-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-14 |
| 16 | എ.ബി.സി പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-15 |
| 17 | പാലക്കുഴി ജലവൈദ്യുതപദ്ധതി-വിഹിതം നൽകൽ | 1-16 |

| | | |
|---|---|---|
| | Written By: Ramadevi.K.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | |
| 18 | പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 14-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-17 |
| 19 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ - മതിയായ തുക അനുവദിച്ചിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 19-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-18 |
| 20 | തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: K.G.Robert (Audit Officer, On 02-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-19 |
| 21 | ക്ഷീരവികസന പദ്ധതി -ഒരു വിഭാഗം കർഷകർക്ക് സബ്സിഡി അവസരം ലഭ്യമാകുന്നില്ല.<br>Written By: K.G.Robert (Audit Officer, On 02-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 26-06-2022) | 4-4 |
| 5 | വായ്പാ/ വായ്പാ തിരിച്ചടവ്<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 02-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 05-07-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 26-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികക്കണക്കുകൾ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

14-02-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 24- 3-2020 ലെ തീരുമാനം നം. 2/1പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 29491067 |
| തൻവർഷം വരവ് | 27229910 |
| ആകെ വരവ് | 56720977 |
| ചെലവ് | 257783360 |
| നീക്കിയിരിപ്പ് | 14515740 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | -05-2020 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1) വികസന ഫണ്ട് SCP , മെയിന്റനെൻസ് ഗ്രാന്റ് നോൺ റോഡ് എന്നിവയിലെ ചെലവ് വാർഷിക കണക്കിലെതും ACR ലേതുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ACR പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് SCPചെലവ് | 9063645 | 8209791 | 853854 |
| മെയിന്റെൻസ് ഗ്രാൻ്റ്-നോൺ റോഡ് | 18752449 | 12562927 | 6189522 |

2)തൊഴിൽ നികുതി (ട്രേഡേഴ്സ് & പ്രൊഫഷണൽസ്) ഈടാക്കിയതിന്റെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)SBI-711- E-payment Account- റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പും , വാർഷിക കണക്കിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) HUDCO ലോൺ തിരിച്ചടവ് - സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകൾ തിരിച്ചടവായി ലോൺ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5)ഓഡിറ്റ് റിക്കവറി രജിസറ്റർ പൂർണ്ണമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29491337 |
| വരവ് | 118027072 |
| ആകെ | 147518409 |
| ചെലവ് | 113997725 |
| നീക്കിയിരിപ്പ് | 33520684 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 25147654 | 25147654 | 17607654 | 7540000 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 4206002 | 13269647 | 9063645# | 4206002 |
| വികസനഫണ്ട് -ടി.എസ്.പി (***) | 0 | 999643 | 999643 | 609990 | 389653 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 27386000 | 27386000 | 18752449 | 8633551 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7308000 | 7308000 | 3859679 | 3448321 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 19539817 | 19539817 | 14470585 | 5069232 |

#- വാർഷിക കണക്കിലെ തുകയും ACR ലെ തുകയും പൊരുത്തപ്പെടാത്തത് എൻക്വയറി നല്കിയിട്ടുണ്ട്.

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക 941700, ലൈഫ് മിഷൻ വായ്പാ മുതൽ 2470588തിരിച്ചടവ് എന്നിവയുള്ള ചെലവ് തുകയായ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1647775 | 1227331 | 2875106 | 2317674 | 557432 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ്* | 7919 | 1543673 | 1551592 | 1193360 | 358232 |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം* | 0 | 26896425 | 26896425 | 26896425 | 0 |
| ആകെ | 7919 | 28440098 | 28448017 | 28089785 | 358232 |

വാർഷിക കണക്കിൽ വേതനം ഇനത്തില് തുകകൾ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകകളാണ് ചേർത്തിരിക്കുന്നത്.

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 47311 | 1756 | 49067 | 0 | 49067 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 1151546 | 0 | 1151546 | 515000 | 636546 |
| ലൈഫ് | 0 | 11040000 | 1104000 | 11040000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 324 | 209467435 | 134 | 91173399 | 0 | 190 | 57.14 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 71% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 42% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

1-5-2

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 7 | 17790000 | 6810525 | 38.28 |
| വെറ്ററിനറി സർജ്ജൻ | 11 | 8 | 3661500 | 1354250 | 36.99 |
| മെഡിക്കൽ ഓഫീ സർ-PHC | 9 | 8 | 1256235 | 925833 | 73.7 |
| മെഡിക്കൽ ഓഫീ സർ-ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 1 | 1 | 495000 | 495000 | 100 |
| വി.ഇ.ഒ | 10 | 9 | 82621850 | 31033200 | 37.56 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 6 | 4719616 | 3120654 | 66.12 |
| സെക്രട്ടറി | 44 | 24 | 17196644 | 10265641 | 59.7 |
| അസി.സെക്രട്ടറി | 19 | 13 | 5498855 | 3975248 | 23.12 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 187 | 48 | 71550035 | 31546152 | 44.09 |
| എച്ച്.എം | 12 | 9 | 3277700 | 1496896 | 45.67 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 1250000 | 0 | 0 |
| ആകെ | 324 | 134 | 209467435 | 91173399 | 43.53 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. | 7919 | 1543673 | 15515920 | 1193360 | 358232 |

| | | | | | |
|---|---|---|---|---|---|
| എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്* | | | | | |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം* | 0 | 26896425 | 26896425 | 26896425 | 0 |
| ആകെ | 7919 | 28440098 | 28448017 | 28089785 | 358232 |

വാർഷിക കണക്കിൽ വേതനം ഇനത്തിൽ തുകകൾ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകകളാണ് ചേർത്തിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 81960 | 89 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7552800 | 1302 |
| 3 | വിധവാ പെൻഷൻ | 9089400 | 1452 |
| 4 | വാർദ്ധക്യകാല പെൻഷൻ | 17363400 | 3060 |
| 5 | വികലാംഗ പെൻഷൻ | 2480900 | 415 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 299400 | 47 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-06-2022 തിയ്യതിയിൽ 12.30 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4110/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്. രേഖകളെല്ലാം നല്ല രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ 5 പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നു.

പെർഫോമൻസ് ഓഡിറ്റ് ഫെബ്രുവരി 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

### തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2019-20 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കാനുള്ളത് |
|---|---|---|
| 1 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കോരഞ്ചിറ | രണ്ടാം അർദ്ധ വർഷം |
| 2 | അമർ ക്രഷേർസ് കോരഞ്ചിറ | രണ്ടാം അർദ്ധ വർഷം |
| 3 | കൊട്ടുകാപ്പിള്ളി സാന്റ് & മെറ്റൽസ് | രണ്ടാം അർദ്ധ വർഷം |
| 4 | പോൾ ഗ്രാനൈറ്റ്സ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | യൂണിവേർസൽ ട്രേഡേർസ്, പിട്ടുകാരികുളമ്പ് | രണ്ടാം അർദ്ധ വർഷം |
| 6 | നീതി ലാബ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | ജി.സി. ഭാരത് ഗ്യാസ്, കണിയമംഗലം | ഒന്നാം അർദ്ധ വർഷം |

ബി. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് |
|---|---|
| 1 | എം.വി.പുഷ്പാകരൻ |
| 2 | ഗോപീദാസൻ |
| 3 | എൽദോസ് ജോയി |
| 4 | കെ.എം.ജോസ് |
| 5 | വി.ഡി.യോശുദാസൻ |
| 6 | ഡി.കെ.ശ്രീകുമാർ |
| 7 | പി.എ.മോഹൻദാസ് |
| 8 | വി.കെ.ശെൽവൻ |
| 9 | എസ്.ജിതേഷ് |
| 10 | എ.കെ.മനോജ് |

| | |
|---|---|
| 11 | സി.എ.സണ്ണി |
| 12 | സുഭാഷ് ചന്ദ്രബോസ് |

സി. റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/6.6.22) നൽകിയ മറുപടിയിൽ (എ ) കുറച്ചു പേർ തൊഴിൽ നികുതി അടച്ചിട്ടുണ്ട് എന്ന് അറിയിച്ചു. (ബി) കരാറുകാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും നികുതി അടച്ചതിനു ശേഷം ഓഡിറ്റിനെ അറിയിക്കാമെന്നും തുടർ വർഷങ്ങളിൽ ടെണ്ടർ ഷെഡ്യൂൾ നൽകുന്ന സമയത്തു തന്നെ തൊഴിൽ നികുതി അടക്കാനുള്ള നിർദ്ദേശം നൽകുമെന്നും അറിയിച്ചു. (സി) റേഷൻ കട ഉടമകൾ തൊഴിൽ നികുതി അടവാക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളതായി അറിയിച്ചു.

തൊഴിൽ നികുതി അടവാക്കി വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

1-12 അംഗൻവാടി അനുപൂരക പോഷകാഹാരം-ജി.എസ്.ടി.-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | 121/19-20 അനുപൂരക പോഷകാഹാരം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട്-750000/-<br>കേന്ദ്രവിഹിതം-850000/-<br>ബ്ലോക്ക് പഞ്ചായത്ത് - 100000/-<br>ആകെ - 1700000/- |
| ചെലവ് | വികസന ഫണ്ട്-723728/-<br>കേന്ദ്രവിഹിതം-850000/-<br>ബ്ലോക്ക് പഞ്ചായത്ത് - 100000/-<br>ആകെ - 1673728/- |
| ബിൽ /ചെക്ക് നം/തിയതി | 3/27.8.19-723728/-<br>156-156958- 776183/ -<br>7600596/29.8.19- 31968/- |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീയതി 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക

സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ ഉദയനന്ദനം ഫുഡ്സ്, പാറക്കുളം, ചാളക്കൽ, കണ്ണാടി (GSTIN-32AADFU6472DIZC) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ചെലവിന്റെ വിശദ വിവരം

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 497/25.4.19 | 27492/- |
| 2 | 498/,, | 3016/- |
| 3 | 493/,, | 94920/- |
| 4 | 494/,, | 8400/- |
| 5 | 523/ 11.6.19 | 91980/- |
| 6 | 524/ ,, | 8400/- |
| 7 | 527/ ,, | 28304/- |
| 8 | 528/ ,, | 1972/- |
| 9 | 529/24.8.19 | 28652/- |
| 10 | 424/29.1.19 | 33872/- |
| 11 | 447/25.2.19- | 89460/- |
| 12 | 545/5.7.19 | 94920/- |
| 13 | 549/,, | 27492/- |
| 14 | 464/18.3.19- | 29928/- |
| | ആകെ | 568800 |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചു.

ഈ വിഷയത്തിൽ വിശദീകരണം നൽകാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.2/6.6.202 2) മറുപടിയിൽ സ്ഥാപനം 2019-20 സാമ്പത്തിക വർഷത്തിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ ടി.ഡി.എസ്. ബാധകമാവുന്ന സാധനങ്ങൾ വാങ്ങുമ്പോൾ കരാറിന്റെ മൂല്യം 2.50 ലക്ഷത്തിന് മുകളിലാണെങ്കിൽ ബില്ലിൽ നിന്നും ജി.എസ്.ടി. -ടി.ഡി.എസ്. കുറവ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 217/2019-20 എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി |
| അടങ്കൽ | വികസന ഫണ്ട്(എസ്.സിപി)-700000/-<br>ആകെ - 700000/- |
| ചെലവ് | വികസന ഫണ്ട്(എസ്.സിപി)-700000/- |

| | |
|---|---|
| | ആകെ - 700000/- |
| ബിൽ /ചെക്ക് നം/തിയതി | 1/21.6.19-200000/-<br>2/27.7.19-100000/-<br>13/27.8.19-50000/-<br>14/27.8.19-50000/-<br>17/17.10.19-50000/-<br>18/14.11.19-50000/-<br>20/17.1.20-150000/-<br>23/30.3.20-50000/- |

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണത്തിന് 200000/- രൂപ ലഭ്യമാക്കുന്ന പദ്ധതിയിൽ ഗുണഭോക്താവ് നാളിതുവരെയും പഠന മുറി പൂർത്തിയാക്കിയതായി കാണുന്നില്ല. വിശദാംശം താഴെചേർക്കുന്നു.

| പേര് | കൈപ്പറ്റിയ ആകെ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|
| സോനമോൾ D/o മേനക | 170000/- | 7.3.2020 |

പഠനമുറി പൂർത്തിയാക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/7.6.22) ഗുണഭോക്താവ് പഠനമുറിയുടെ വാർപ്പ്, ജനൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ടെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്നും 3 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാമെന്നും അല്ലാത്തപക്ഷം ഗുണഭോക്താവിന് നൽകിയ തുക പലിശ സഹിതം തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടിയായി നൽകിട്ടുണ്ട്.

1-14 കക്കൂസ് നിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 301/2019-20- കക്കൂസ് നിർമ്മാണം |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട് - 1151546/-<br>തനത് ഫണ്ട് - 326854/-<br>ആകെ 1478400/- |
| ചെലവ് | കേന്ദ്രാവിഷ്കൃത ഫണ്ട് - 576000/-<br>തനത് ഫണ്ട് - 0<br>ആകെ- 576000/- |
| ബിൽ /ചെക്ക് നം/തിയതി | ചെക്ക് നം. 780573/12.8.20- 61000/-<br>ചെക്ക് നം.780562/24.2.20-515000/- |

2019-20 വർഷത്തിൽ സമ്പൂർണ്ണ ശുചത്വ യജ്ഞം പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണത്തിനായി താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെയായും കക്കൂസ് നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി |
|---|---|---|---|
| 1 | ലൈല W/o ഷെരീഫ്, പൂളക്കൽ ഹൌസ്, പറശ്ശേരി | 7000/- | 29.2.20 |
| 2 | കമല W/o സുന്ദരൻ, കോരഞ്ചിറ | 7000/- | 24.2.20 |
| 3 | തായു W/o വെള്ള, കോരഞ്ചിറ | 7000/- | 29.2.20 |

| | | | |
|---|---|---|---|
| 4 | രാധ.വി,വി. W/o ഉണ്ണികൃഷ്ണൻ, കോരഞ്ചിറ | 7000/- | 29.2.20 |
| 5 | സീത W/o പ്രഭാകരൻ ഇളവമ്പാടം | 7000/- | 29.2.20 |
| 6 | വിജയകുമാർ.പി.എൻ. S/o നാരായണൻ, ഇളവമ്പാടം | 7000/- | 29.2.20 |
| 7 | സൌമ്യ W/o ജിനേഷ്, പൂണിപ്പാടം | 7000/- | 12.3.20 |
| 8 | വേലായുധൻ.എം.എ. മെച്ചിക്കോട്, എളവമ്പാടം | 7000/- | 12.3.20 |
| 9 | അജിത.എ. W/o സുരേഷ് | 7000/- | 4.11.20 |
| 10 | സതീഷ്.കെ..യു. S/o ഉണ്ണികൃഷ്ണൻ | 7000/- | 4.11.20 |

കക്കൂസ് നിർമ്മാണം പൂർത്തികരിക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/8.6.2022) മറുപടിയായി ഗുണഭോക്താക്കൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്നും കൊറോണ മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ വരുമാന മാർഗ്ഗം നിലച്ചതിനാലുമാണ് കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാത്തതെന്നും, സെപ്തംബർ 30നകം പണി പൂർത്തീകരിക്കാമെന്നും അല്ലാത്തപക്ഷം തുക പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

കക്കൂസ് നിർമ്മാണം പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥനും മോണിറ്ററിംഗ് സമിതിയും വിലയിരുത്തൽ നടത്തേണ്ടതാണ്.

## 1-15 എ.ബി.സി പദ്ധതിയുടെ വിനിയോഗസാക്ഷപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം- 8 /20- എ.ബി.സി പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ -350000(തനത് ഫണ്ട്)
ചെലവ് -350000 (ചെക്ക് നം- 2122486/26.9.19)

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധയും ജന്തുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിനുമാണ് എ.ബി.സി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഡെപ്യൂട്ടിഡയറക്ടർ(മൃഗസംരക്ഷണം) ആണ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണോദ്യോഗസ്ഥൻ. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാപഞ്ചായത്ത് ചെലവ് കണക്കാക്കിയിരിക്കുന്നത്. ആയതു പ്രകാരം 233 നായ്ക്കളെയെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വർഷം വന്ധ്യംകരിക്കേണ്ടതാണ്. എന്നാൽ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരമോ പദ്ധതിയുടെ പുരോഗതി റിപ്പോർട്ടോ ലഭ്യമല്ല. ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി അറിയിക്കേണ്ടതാണ്(എൻക്വയറി 5/7-6-2022)

## 1-16 പാലക്കുഴി ജലവൈദ്യുതപദ്ധതി-വിഹിതം നൽകൽ

പ്രോജക്ട് നം. 129/20-പാലക്കുഴി ജലവൈദ്യുതപദ്ധതി-വിഹിതം നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ -2,00,000 (തനത് ഫണ്ട്)

ചെലവ് -2,00,000 (ചെക്ക് നം 2122486/26.9.2019)

പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട് . ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിയ്ക്കായി വിഹിതം നൽകിയ സ്ഥാപനം എന്ന നിലയിൽ നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഷെയർ വാല്യൂ തുക വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (എൻക്വയറി 6/7-6-2022)

## 1-17 പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള താഴെ കൊടുത്തിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ഏജൻസി |
|---|---|---|---|---|
| 1. | 99/20-വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1254000 (CFC) | 800000<br>ബിൽ നം 27/11.11.2019 | KWA |
| | | | 454000<br>ബിൽ നം 32/29.1.2020 | |
| 2 | 103/20-സ്ട്രീറ്റ് ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ | 189210(MG-NR ) | 189210<br>ബിൽ നം 29/12.12.2019 | കെ എസ് ഇ ബി കിഴക്കഞ്ചേരി സെക്ഷൻ |

## 1-18 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ - മതിയായ തുക അനുവദിച്ചിട്ടില്ല

വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിലുള്ളവർക്ക് വീട് വാസയോഗ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | നം.215/2019-20 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ | വികസന ഫണ്ട് ജനറൽ-620000/-<br>ആകെ- 620000/- |
| ചെലവ് | വികസന ഫണ്ട് ജനറൽ-620000/-<br>ആകെ - 620000/ |
| ബിൽ നം/തിയതി | 3/21.6.19-520000/-<br>23/27.1.20-100000/- |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7.6 പ്രകാരം വീട് പുനരുദ്ധാരണം ജനറൽ വിഭാഗത്തിന് പരാമവധി 75000/- രൂപയും എസ് സി വിഭാഗത്തിന് 1,00,000/- എസ്.റ്റി. വിഭാഗത്തിന് 10000/- രൂപയും അനുവദിക്കാവുന്നതാണ്. മേൽ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് 20000/- മാത്രമാണ് ഒരു ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ഇതുമൂലം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ വീടുകൾ പൂർണ്ണമായും റിപ്പയർ

ചെയ്യാൻ കഴിഞ്ഞിട്ടില്ല. സർക്കാർ നിശ്ചയിച്ച തുകയുടെ ചെറിയ ഭാഗം മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഏറ്റവും യോഗ്യരായവർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനു പകരം കൂടുതൽ ഗുണഭോക്താക്കൾക്ക് ചെറിയ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ചെറിയ തുക നൽകുന്നതു വഴി എറ്റവും അർഹരായവർക്ക് ആവശ്യമായ ആനുകൂല്യം കിട്ടാതെ വരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/8.6.22) ന് നൽകിയ മറുപടിയിൽ ചെറിയ തുക നൽകുന്നതു വഴി കൂടുതൽ പേർക്ക് ആനുകൂല്യം ലഭിക്കാനുള്ള സാഹചര്യമുണ്ടെന്നും കാലാനുസൃതമായി വിലകളിൽ വരുന്ന മാറ്റം മൂലം തുക വർദ്ധിപ്പിക്കണമെന്ന് ഭരണസമിതിയെ ബോധിപ്പിച്ചിട്ടുണ്ടെന്നും വരും വർഷങ്ങളിൽ ഭരണസമിതിയുടെ അംഗീകാരത്തോടെ തുക വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

### 1-19 തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ വിവിധ ബില്ലുകളിൽനിന്നായി ഒരു കരാറുകാരന് ആകെ 1202213/-രൂപ നല്കിയിട്ടുണ്ട്. 2.5 ലക്ഷം രൂപയിലധികരിച്ചിട്ടുള്ള ബില്ലുകളായിരുന്നുവെങ്കിലും 2% ആയതിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിരുന്നില്ല. ടി വിഷയത്തിൽ അനന്തര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

### 1-20 ക്ഷീരവികസന പദ്ധതി -ഒരു വിഭാഗം കർഷകർക്ക് സബ്സിഡി അവസരം ലഭ്യമാകുന്നില്ല.

2020-21 സാമ്പത്തിക വർഷത്തെ ക്ഷീര വികസന പദ്ധതിയുടെ പ്രോജക്റ്റുകളുടെ ഓഡിറ്റ് പരിശോധനാ വേളയിൽ ഗ്രാമ പഞ്ചായത്തിലെ നിവാസികളും പശുവളർത്തൽ മുഖ്യ തൊഴിലാക്കിയ എല്ലാ ക്ഷീര കർഷകർക്കും പാലുല്പ്പാദനത്തിന് സബ്സിഡി ലഭ്യമാകുന്നില്ല എന്ന് കണ്ടെത്തി. ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതും പാൽ അളക്കാത്തതുമായ കർഷകർക്ക് ഉല്പ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ടി വിവരം ഓഡിറ്റിനെ അറിയിക്കുവാൻ 04-06-2022ന് 1/20-21-ാം നമ്പറായി നല്കിയ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഗുണഭോക്താക്കളുടെ അപേക്ഷകൾ, പ്രാഥമിക അർഹതാ നിർണ്ണയപരിശോധനാ വിവരങ്ങൾ ഒന്നുംതന്നെ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. വിശദമായ പരിശോധനയിൽ വ്യക്തിഗത അപേക്ഷകൾ ക്ഷണിക്കാതെ ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുന്നവരുടെ ലിസ്റ്റ് എടുക്കുകയും ആയത് ഗ്രാമസഭകളിൽ വച്ച് അംഗീകാരം വാങ്ങി പ്രോജക്റ്റ് നടപ്പിലാക്കുന്ന രീതിയാണ് അവലംബിച്ച് വരുന്നതെന്ന് കണ്ടെത്തി. ആയത് ക്രമപ്രകാരമല്ല. ഇപ്രകാരം സബ്സിഡി വിതരണ പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കാത്ത ഒരു ചെറുകിട ക്ഷീര കർഷകന് ഉല്പ്പാദനത്തിനനുസൃതമായി സബ്സിഡി ലഭ്യമല്ലാതെ വരുന്നു എന്ന് മാത്രമല്ല അർഹതാനിർണ്ണയം പരിശോധിക്കപ്പെടുന്നതുമില്ല. സബ്സിഡി സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖയിൽ ഇപ്രകാരമുള്ളവർക്ക് വെറ്ററിനറി സർജ്ജന്റെ സാക്ഷ്യപത്രം പ്രകാരം സബ്സിഡിക്ക്

അപേക്ഷിക്കാമെന്ന് നിഷ്കർഷിക്കുന്നു. (സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ.തീയ്യതി 14-2-2018മാർഗ്ഗരേഖ. ഖ.6.2.8) മാത്രവുമല്ല ആയതിന് സ.ഉ.549/2019/തസ്വഭവ തീയ്യതി.7-3-2019പ്രകാരം ഒരു ലിറ്റർ പാലിന് 4/-രൂപാ നിരക്കിൽ പരമാവധി 15000/-രൂപാ വരെ വെറ്ററിനറി സർജ്ജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നല്കാവുന്നതാണ്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ഈ അവസരം ലഭ്യമാകുന്നില്ല. ആയതിന്മേൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 01-06-2022 മുതൽ 09-06-2022 വരെ | അനുബന്ധം-1- 1 കാണുക |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 8822 | ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ – 10/19 | 0 | 8822 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2019-20 | 1655252 | | 0 | 1655252 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | | 100000 | 0 |
| ആകെ ജില്ലാപഞ്ചായത്ത് വിഹിതം | | 1664074 | | 0 | 1664074 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 8558 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 0 | 8558 |

| | | | | | |
|---|---|---|---|---|---|
| | 2017-18 | 5000 | യോഗ പരിശീലനം | 0 | 5000 |
| | 2017-18 | 200000 | ഭൂമി വാങ്ങൽ-ജനറൽ | 0 | 200000 |
| | 2017-18 | 400000 | ഭൂമി വാങ്ങൽ-എസ്.സി | 0 | 400000 |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം(മുൻവർഷങ്ങളിൽ ലഭിച്ചത്) | 615448 | | | 615448 |
| | 19-20 | 1225000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1225000 | 0 |
| | 19-20 | 100000 | അങ്കണവാടി പോഷകാഹാര പരിപാടി | 100000 | 0 |
| | 19-20 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 19-20 | 145537 | വയോജന കേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ | 145537 | 0 |
| | 19-20 | 9000 | STയ്ക്ക് കട്ടിൽ | 9000 | 0 |
| | 19-20 | 1860000 | ലൈഫ് | 1860000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ഏജൻസി | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1. | 99/20-വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1254000 (CFC) | 800000 ബിൽ നം 27/11.11.2019<br>454000 ബിൽ നം 32/29.1.2020 | KWA | വിനിയോഗ വിവരം ലഭ്യമായിട്ടില്ല |
| 2 | 103/20-സ്ട്രീറ്റ് | 189210(MG- | 189210 | കെ എസ് ഇ | വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ | NR ) | ബിൽ നം 29/12.12.2019 | ബി കിഴക്കഞ്ചേരി സെക്ഷൻ | വിവരം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകകളൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പാ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹. 1104000 ചെലവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| E M S Loan | 957/10 Lsgd 20.03. 2010 | 30018000 | 2230320 | 2230320 | - | 0 |
| ഹഡ്കോ ലോൺ – ലൈഫ് പദ്ധതി | - | 11040000 | 23672240+13210000 | 2240(റീഫണ്ട്) +2472828(തിരിച്ചടവ്) | - | 34409412 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച ₹. 58621/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ** | തൊഴിൽ നികുതി | 300 | പോസ്റ്റ് മാസ്റ്റർ | 119040102318/20.9.2019 |
| 18-19 | തൊഴിൽ നികുതി | 300 | ദൃശ്യ ഡി | 119040102331/23.9.2019 |
| ** | വാങ്ങൽ -അധിക തുക | 5 | ബിനീഷ് എം | 119040103857/2.11.2019 |

| | | | | |
|---|---|---|---|---|
| | തിരികെ അടവാക്കിയത് | | | |
| 17-18 | 3-16 | 11500 | എച്ച്. എം. , ജി എൽപി എസ് കിഴക്കഞ്ചേരി | 119040103950/7.11.2019 |
| ** | ** | 47016 | ബിനേഷ് എം | 119040500039/1.11.19 |
| ആകെ | | 58621 | | |

**- ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല, ഏത് വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് എന്നതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-07 | 2009-10 | 3-7.5(1) | പിട്ടുക്കാരികുളമ്പ് ജലസംഭരണം-ഭൗതികലക്ഷ്യം കൈവരിച്ചില്ല | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |
| 2006-07 | 2009-10 | 3-8.10(1) | ഭവന നിർമ്മാണ പദ്ധതി-860000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 118027342 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113997725 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഒന്നുമില്ല-

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
-ഒന്നുമില്ല-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
നഷ്ടം ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1997-98 | LFP.10/432/09/17-5-10 | 8 |
| 1998-99 | LFP.10/794/10/27.01.11 | 5 |
| 1999-2000 | LFP.10/795/10/27.01.11 | 3 |
| 2000-01 | LFP.10/823/10/04.05.11 | 8 |
| 2001-02 | LFP.10/922/10/18.05.11 | 8 |
| 2002-03 | LFP.10/796/10/18.01.11 | 5 |
| 2003-04 | LFP.10/797/10/18.01.11 | 5 |
| 2004-05 | LFP.10/799/10/18.01.11 | 1 |
| 2005-06 | LFP.10/800/10/11.01.11 | 3 |
| 2006-07 | LFP.10/801/10/05.02.11 | 2 |
| 2007-08 | LFP.10/1942/12/04.12.12 | 8 |
| 2008-09 | LFP.10/1801(1)/12/21.01.13 | 6 |
| 2009-10, 2010-11 | LF.P10.1267/14/8.8.14 | 4 |
| 2011-12 | LF.P10.1992/14/4.12.14 | 10 |
| 2012-13, 2013-14, 2014-15 | LF.P10.1992/14/4.12.14 | 13 |
| 2015-16 | KSA.PKD.10/2301//16/28.12.2016 | 6 |
| 2016-17 | KSA.PKD.10/1493/17/16.9.2017 | 2 |
| 2017-18 | KSA.PKD.10/158/19/20.2.2019 | 24 |
| 2018-19 | KSA.PKD.10/1336/19/14-1-20 | |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

# വാർഷികക്കണക്കുകൾ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Kizhakkanchery Grama Panchayat<br><br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 4527296.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 6000.00 |
| 140000000 | Fee & User Charges | 1-4(b) | 560477.00 |
| 150000000 | Sale & Hire Charges | 1-5(b) | 338246.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | 1-6 | 147721951.00 |
| 171000000 | Interest Earned | 1-8 | 72894.00 |
| 180000000 | Other Income | 1-9 | 403087.00 |
| | Total Income | | 153629951.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-IO(b) | 11747362.00 |
| 220000000 | Administrative Expenses | 1-11(b) | 1405780.00 |
| 230000000 | Operations & Maintenance | 1-12(b) | 3378142.00 |
| 240000000 | Interest & Finance Charges | 1-13 | 91231.00 |
| 250000000 | Decentralised Plan Programme-Productive Sector /<br><br>Programme Expenses | 14 | 8421229.00 |
| 251000000 | Decentralised Plan Programme-Service Sector | I- 14(a) | 48799918.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I— 14(b) | 4197320.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | 1-14(c) | 874353.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I— 14(d) | 38443860.00 |
| 255000000 | Maintenance Projects | 1-14(e) | 18438509.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | 1-15(a) | 129880.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br><br>Subsidies | 1-15 | 347509.00 |
| 272000000 | Depreciation | 1-17(a) | 14132374.00 |
| | Total Expenditure | | 150407467.00 |
| | Gross Surplus/ Deficit of income over Expenditure | | 3222484.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | 1-18 | -1161096.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4383580.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

| | | | |
|---|---|---|---|
| | Kizhakkanchery Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 29477480.00 |
| Cash | Cash | RP-40(a) | 13857.00 |
| | Operating | | |
| 110000000 | Tax Revenue | RP-I | 1005230.00 |
| 140000000 | Fees & User Charges | | 421277.00 |
| 150000000 | Sale & Hire Charges | RP-5 | 338246.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 77348383.00 |
| 171 oooooo | Interest Earned | RP-9 | 72894.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19093934.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 412756.00 |
| | Non Operating | | |
| 180000000 | Other Income | RP-IO | 69076.00 |
| 330000000 | Secured Loans | RP-32 | 13210000.00 |
| 340000000 | Deposits Received | RP-34 | 34700.00 |
| 350000000 | Other Liabilities | RP-36 | 1126291.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3665345.00 |
| 460000000 | Loans, Advances and Deposits | RP-47 | 1228940.00 |
| | Grand total | | 147518409.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4408265.00 |
| 220000000 | Administrative Expenses | RP-12 | 1405780.00 |
| 230000000 | Operations & Maintenance | RP-13 | 3378142.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8147560.00 |
| 251000000 | Decentralised Plan Programme-Service Sector | RP- 16 | 43430921.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | 17 | 3702320.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 874353.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1657960.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 18438509.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 129880.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 347509.00 |
| 280000000 | Prior Period item | RP-26 | -78905.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1849872.00 |
| 350000000 | Other Liabilities | RP-36 | 6574896.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 91231.00 |
| 280000000 | Prior Period Item | RP-26 | -12650.00 |
| 330000000 | Secured Loans | RP-32 | 2232560.00 |
| 340000000 | Deposits Received | RP-34 | 73031.00 |
| 350000000 | Other Liabilities | RP-36 | 2719436.00 |
| 410000000 | Fixed Assets | RP-38 | 5758631.00 |
| 412000000 | Capital work in Progress | RP-40 | 6634754.00 |
| 460000000 | Loans, Advances and Deposits | RP-47 | 2233670.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 33518564.00<br><br>ഡെപ്യൂട്ടി ഡയറക്ടർ |
| Cash | Cash | RP-40(b) | 2120.00 |
| | Grand Total | | 147518409.00 |

| | Kizhakkanchery Grama Panchayat<br>BALANCE SHEET | | |
|---|---|---|---|
| | For the period from<br>01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 80564824.86 |
| | Reserves | B-3 | 89205187.00 |
| | Total Reserve & Surplus | | 169770011.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 5750486.00 |
| | Total Grants, Contributions for Specific Purposes | | 5750486.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 34409412.00 |
| | Total Loans | | 34409412.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 212420.00 |
| 350000000 | Other Liabilities | | 1101394.50 |
| | Total Current Liabilities and Provisions | | 1313814.50 |
| | TOTAL LIABILITIES | | 211243724.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 167892534.36 |
| 411000000 | Accumulated Depreciation | B-11 | -31997780.00 |
| 412000000 | Capital Work in Progress | B-ll(a) | 0.0 |
| | Total Fixed Assets | | 135894754.36 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 403093.00 |
| 440000000 | Pre-paid Expenses | B-16 | 34409412.00 |
| 450000000 | Cash and Bank Balance | B – 17 | 33520684.00 |
| 460000000 | Loans, Advances and Deposits | B-18 | 7015781.00 |
| | Total Current Assets, Loans and Advances | | 75348970.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 211243724.36 |

ഡെപ്യൂട്ടി ഡയറക്ടർ